## പത്രക്കുറിപ്പ്

# ലോക്ക്ഡൗൺ:
# നഗരത്തിൽ പരിശോധന ശക്തമാക്കി
# അനാവശ്യയാത്രകൾ അനുവദിക്കില്ല

## കോവിഡ്-19 ലോക്ക്ഡൗൺ സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 187 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ട്രിപ്പിൾ ലോക്ക്ഡൗൺ പിൻവലിച്ചതിനെ തുടർന്ന് തിരുവനന്തപുരം നഗരത്തിൽ അനാവശ്യയാത്രകൾ വർദ്ധിച്ച സാഹചര്യത്തിൽ പോലീസ് പരിശോധന കർശനമാക്കിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. സർക്കാർ അനുവദിച്ചിട്ടുള്ള വിഭാഗങ്ങൾക്കും അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കും മാത്രമേ യാത്ര അനുവദിക്കുകയുള്ളൂ. അതുപോലെ തുറന്ന് പ്രവർത്തിക്കാൻ അനുവാദമുള്ള വ്യാപാരസ്ഥാപനങ്ങൾ നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ കോവിഡ് പ്രോട്ടോക്കോളും സമയക്രമവും പാലിക്കണം.

അനാവശ്യയാത്ര നടത്തുന്നവർക്കെതിരെ പോലീസ് കർശന നടപടി സ്വീകരിക്കും. സർക്കാർ അനുവദിച്ചിട്ടുള്ള അവശ്യ സർവ്വീസ് വിഭാഗങ്ങളിൽ പ്രവർത്തിയെടുക്കുന്നവർ ജോലി സ്ഥലത്തേയ്ക്കും തിരികെയും നിശ്ചിതസമയങ്ങളിൽ മാത്രം യാത്ര ചെയ്യേണ്ടതും ഇവർ ഔദ്യോഗിക തിരിച്ചറിയൽ കാർഡും മേലധികാരിയുടെ സർട്ടിഫിക്കറ്റും കൈയ്യിൽ കരുതേണ്ടതുമാണ്. സർക്കാർ ഉത്തരവ് പ്രകാരം ബാങ്ക്, മറ്റ് ധനകാര്യ സ്ഥാപനങ്ങളിലെ

ജീവനക്കാർക്ക് തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ മാത്രമേ യാത്ര അനുവദിക്കുകയുള്ളൂ. കോവിഡ് വാക്സിൻ എടുക്കാൻ പോകുന്നവർക്കും, രോഗീ പരിചരണത്തിനും, വീട്ടു ജോലിക്ക് പോകുന്നവർക്കും യാത്ര അനുവദിക്കും. അതോടൊപ്പം ബി-സേഫ് ആപ്പിൽ അപേക്ഷിച്ച് പാസ് ലഭിച്ചവർക്കും യാത്ര അനുവദിക്കുന്നതാണ്. കൂടാതെ സർക്കാർ അനുവദിച്ചിട്ടുള്ള നിർമ്മാണ മേഖലകളിൽ പ്രവർത്തിയെടുക്കുന്ന തൊഴിലാളികൾക്കും സത്യവങ്ങ്മൂലവും മറ്റു രേഖകളും ഉപയോഗിച്ച് തൊഴിൽ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യാവുന്നതാണ്. മെഡിക്കൽ സ്റ്റോറുകളും അവശ്യ ഭഷ്യവസ്തുക്കൾ വിൽക്കുന്ന കടകളും മാത്രമേ തുറന്ന് പ്രവർത്തിക്കാൻ പാടുള്ളൂ. ഹോട്ടലുകളും ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന കടകളും രാവിലെ 7 മണി മുതൽ വൈകിട്ട് 7.30 മണി വരെ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. ഹോട്ടലുകളിൽ പാഴ്സൽ സർവ്വീസ് മാത്രമേ അനുവദിക്കുകയുള്ളൂ. തുറന്ന് പ്രവർത്തിക്കാൻ സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളും കടകളും നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ സമയക്രമം പാലിച്ച് പ്രവർത്തിക്കേണ്ടതാണ്.

ട്രിപ്പിൾ ലോക്ക്ഡൗൺ പിൻവലിച്ചെങ്കിലും സർക്കാർ ഉത്തരവ് പ്രകാരം ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ പൊതുജനങ്ങൾ അനാവശ്യമായി പുറത്തിറങ്ങാതെ വീട്ടിൽ തന്നെ കഴിയേണ്ടതാണ്. അത്യാവശ്യ സാധനങ്ങൾ വാങ്ങാനായി വീടുകളിൽ നിന്നും ഒരാൾ മാത്രം പോകേണ്ടതും അടുത്തുള്ള കടകൾ തെരെഞ്ഞെടുക്കേണ്ടതും സാമൂഹിക അകലം പാലിച്ച് സാധനങ്ങൾ വാങ്ങേണ്ടതുമാണ്. രോഗവ്യാപനം തടയുന്നതിനായി സുരക്ഷാ ക്രമീകരണങ്ങളോട് എല്ലാവരും സഹകരിക്കണമെന്നും വിലക്ക് ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കേരളാ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കർശന നിയമനടപടികൾ

സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

## ലോക്ക് ഡൗൺ വിലക്ക് ലംഘനം:
## 187 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ലോക്ക്ഡൗൺ ദിനമായ ഇന്നലെ (26-05-2021) നാല്വ മണിവരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 187 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 48 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 120 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 61,000/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 11 വാഹനങ്ങൾക്കെതിരെയും ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ പാലിക്കാത്ത 6 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 366 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
26-05-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി